**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3900** **15-07-2022 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ ആരോഗ്യ മേഖലയിലെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും നീക്കി വെച്ച 4 കോടി രൂപ ഉപയോഗിച്ച് അരൂർ മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | അരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും നീക്കി വെച്ച തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) <u>സി.എച്ച്.സി അരൂകുറ്റി.</u><br><br>സർക്കാർ ഉത്തരവ് Rt.(No) 1555/2021/H&FWD, dtd. 26/07/2021 പ്രകാരം അരൂർ മണ്ഡലത്തിലെ സി.എച്ച്.സി അരുകുറ്റിയിൽ 10 കിടക്കകൾ ഉള്ള ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സജ്ജമായതിനാൽ ടി പ്രോജക്ടിന്റെ എസ്.പി.വി ആയി പ്രവർത്തിക്കുന്ന കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ആസ്തിവികസന ഫണ്ടും കിഫ്ബി ഫണ്ടും (50% MLA ഫണ്ടും 50% കിഫ്ബി ഫണ്ടും) ഉപയോഗിച്ച് 10 കിടക്കകളുള്ള, മെഡിക്കൽ ഗ്യാസ്, മെഡിക്കൽ ഉപകരണങ്ങൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രി എൻജിനീയറിങ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ ഏജൻസിയായി തിരഞ്ഞെടുത്ത M/s. തൃശ്ശൂർ ജില്ല ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി - ക്ക് പ്രവർത്തി ഉത്തരവ് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>2) <u>കുടുംബാരോഗ്യകേന്ദ്രം, വല്ലേത്തോട്</u> |

| | | | |
|---|---|---|---|
| | | | 2018 - 2019 വർഷത്തിലെ എം.എൽ.എ യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വല്ലേത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുകയാണ്.<br><br>3) <u>എഫ്.എച്ച്.സി, പള്ളിപ്പുറം</u>.<br><br>2019 - 2020 ലെ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എഫ്.എച്ച്.സി പള്ളിപ്പുറം എന്ന സ്ഥാപനത്തിന് പുതിയ ഒ.പി ബ്ലോക്ക് നിർമ്മിക്കുന്നതിന് 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി 85% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. Electrical, Plumbing work കൾ പുരോഗമിച്ച് വരുന്നു. |
| (ബി) | ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ ടെണ്ടർ നടപടി ആയെന്നും വിശദമാക്കാമോ? | (ബി) | അരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും നീക്കി വെച്ച തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) <u>സി.എച്ച്.സി അരുകുറ്റി.</u><br><br>സർക്കാർ ഉത്തരവ് Rt.(No) 1555/2021/H&FWD, dtd. 26/07/2021 പ്രകാരം അരൂർ മണ്ഡലത്തിലെ സി.എച്ച്.സി അരുകുറ്റിയിൽ 10 കിടക്കകൾ ഉള്ള ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സജ്ജമായതിനാൽ ടി പ്രോജക്ടിന്റെ എസ്.പി.വി ആയി പ്രവർത്തിക്കുന്ന കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ആസ്തിവികസന ഫണ്ടും കിഫ്ബി ഫണ്ടും (50% MLA ഫണ്ടും 50% കിഫ്ബി ഫണ്ടും) ഉപയോഗിച്ച് 10 കിടക്കകളുള്ള, മെഡിക്കൽ ഗ്യാസ്, മെഡിക്കൽ ഉപകരണങ്ങൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രി എൻജിനീയറിങ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ ഏജൻസിയായി തിരഞ്ഞെടുത്ത M/s. തൃശ്ശൂർ ജില്ല ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി - ക്ക് |

| | | | |
|---|---|---|---|
| | | | പ്രവർത്തി ഉത്തരവ് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>2) കുടുംബാരോഗ്യകേന്ദ്രം, വല്ലേത്തോട്<br><br>2018 - 2019 വർഷത്തിലെ എം.എൽ.എ യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വല്ലേത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയ്ക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുകയാണ്.<br><br>3) എഫ്.എച്ച്.സി, പള്ളിപ്പുറം.<br><br>2019 - 2020 ലെ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എഫ്.എച്ച്.സി പള്ളിപ്പുറം എന്ന സ്ഥാപനത്തിന് പുതിയ ഒ.പി ബ്ലോക്ക് നിർമ്മിക്കുന്നതിന് 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി 85% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. Electrical, Plumbing work കൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ